## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 546

09.02.2016-ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## ചക്ക അധിഷ്ഠിതമായ വ്യവസായ സ്ഥാപനങ്ങൾ

| ചോദ്യം<br>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | | ഉത്തരം<br>ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | ചക്കയുടെ വിപണന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കാമോ; | എ) | ചക്കയുടെ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ സാധ്യതകൾ, ഈ രംഗത്തെ സാങ്കേതികവിദ്യ എന്നിവ സംബന്ധിച്ചും ബോധവത്കരണം നടത്തിവരുന്നു. സംസ്ഥാനതലത്തിൽ ഫെബ്രുവരി 4 മുതൽ 6 വരെ എറണാകുളത്ത് സംഘടിപ്പിച്ച ബി 2 ബി മീറ്റിൽ ഫുഡ് പ്രോസസിംഗ് മേഖലയിലെ വ്യവസായ സംരംഭങ്ങളിൽ ചക്കയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി മുന്തിയ പ്രാധാന്യം നൽകിയിട്ടുണ്ട്. |
| ബി) | ചക്ക അധിഷ്ഠിതമായ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സംരംഭകർക്ക് നല്കുന്ന പരിശീലന പരിപാടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | ബി) | ബ്ലോക്ക്, മുനിസിപ്പാലിറ്റി, താലൂക്ക് തലങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നവർക്ക് നവസംരംഭകത്വ വികസന പരിശീലന പരിപാടി, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം തുടങ്ങിയ പരിശീലന പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. |
| സി) | ഇത്തരം സംരംഭകർക്ക് സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ അറിയിക്കുമോ? | സി) | (1) സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും നേടി എടുക്കുന്നതിനു വേണ്ട സൗകര്യങ്ങൾ ഫീൽഡ്തല ഉദ്യോഗസ്ഥരുടെ സഹായത്തോടെ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിലൂടെ നൽകി വരുന്നു. |

| | | | |
|---|---|---|---|
| | | | (2) എക്സ് സർവ്വീസ് മെൻസ് കോ-ഓപ്പറേറ്റീവ് കോളനി ലിമിറ്റഡ് നമ്പർ 3317, വെറ്റിലപ്പാറ, തൃശ്ശൂരിന് ചക്കയിൽ നിന്നുള്ള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ സംസ്കരണത്തിനു വേണ്ടി കോമൺ ഫെസിലിറ്റി സെന്റർ തുടങ്ങുന്നതിന് 13.55 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.<br>(3) ചക്കയുടെ നൂതനമായ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി പ്രവർത്തനങ്ങൾ നടത്തുന്ന വ്യവസായ സ്ഥാപനങ്ങളെ കെ.എസ്.ഐ.ഡി.സി പ്രോത്സാഹിപ്പിക്കുന്നുണ്ട്. ഇങ്ങനെയുള്ള കമ്പനികൾ 25 ലക്ഷം രൂപ വരെയുള്ള സീഡ് കാപ്പിറ്റൽ സഹായത്തിന് അർഹരാണ്. |

സെക്ഷൻ ഓഫീസർ